**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിലെ സെക്ഷൻ ക്ലാർക്കുമാരായ ശ്രീ. അനിൽജിത്ത്, ശ്രീമതി. ഷോളി ഫിലിപ്പ് എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1807/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 02/07/2018

പരാമർശം:- 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.11.2014-ലെ ഇ5(എസ് സി41/14/ ഇആർകെ)23273/14 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 22.12.2014-ലെ 14890/ഡി3/2014/വിജി. നമ്പർ കത്ത്

3. സർക്കാരിന്റെ 10.03.2015-ലെ 1167/ഇപിബി2/2015/തസ്വഭവ നമ്പർ കുറ്റപത്രം

4. കുറ്റപത്രത്തിന് ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

5. പഞ്ചായത്ത് ഡയറക്ടറുടെ 10.02.2016-ലെ ഡി5-9930/2015 നമ്പർ കത്ത്

6. സ.ഉ.(സാധാ) നം.1917/2017/തസ്വഭവ തീയതി. 09.06.2017

**ഉത്തരവ്**

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക പിരിക്കുന്നതിൽ വീഴ്ച വരുത്തി എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്കുത്തരവാദികളായ ചിറക്കടവ് ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിമാരായ ശ്രീ. സി.ആർ. പ്രസാദ്, ശ്രീമതി. പി.കെ. ഉഷാ ദേവി, ശ്രീ. കെ.വി. പത്മകുമാർ, ശ്രീ. റ്റി.കെ. തങ്കച്ചൻ, ശ്രീ. ബി.ആർ. സുബാഷ്, ശ്രീ. ഷാഹുൽ ഹമീദ്, മുൻ സെക്ഷൻ ക്ലാർക്കുമാരായ ശ്രീ. ഷാജി, ശ്രീ. വർഗ്ഗീസ്, ശ്രീമതി. സീന, ശ്രീ. അനിൽജിത്ത്, ശ്രീ. മൊഹസീൻ, ശ്രീമതി. ഷോളി ഫിലിപ്പ്, ശ്രീമതി. ഗീത കെ.ജി. എന്നിവർക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും തുടർന്ന് മുൻ സെക്രട്ടറിമാരായ ശ്രീ. കെ.വി. പത്മകുമാർ, ശ്രീ. ആർ. പ്രസാദ് എന്നിവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ 6 മാസത്തേയ്ക്കും ടി സെക്ഷൻ കൈകാര്യം ചെയ്തിരുന്ന

സെക്ഷൻ ക്ലാർക്കുമാരായ ശ്രീമതി. ഗീത കെ.എൻ, ശ്രീ. മൊസ്റ്റിൻ, ശ്രീമതി. സീന പി.ആർ. എന്നിവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടയെല്ലാതെ ഒരു വർഷത്തേയ്ക്കും തടഞ്ഞുകൊണ്ടും മുൻ സെക്രട്ടറിമാരായിരുന്ന ശ്രീ. ഷാഹുൽ ഹമീദ്, ശ്രീ. ബി.ആർ. സുഭാഷ്, സെക്ഷൻ ക്ലാർക്ക് ശ്രീ. ഷാജി എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി താക്കീത് നൽകിയും സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി. ഉഷാദേവി, ശ്രീ. വർഗ്ഗീസ്, ശ്രീ. ടി.കെ. തങ്കച്ചൻ എന്നിവരെ ശിക്ഷണ നടപടികളിൽ നിന്ന് ഒഴിവാക്കിയും പരാമർശം (6) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവിൽ ശ്രീമതി. ഷോളി ഫിലിപ്പ്, ശ്രീ. അനിൽജിത്ത് എന്നിവർക്കെതിരായ അച്ചടക്കനടപടി തീർപ്പാക്കിയിരുന്നില്ല.

ശ്രീമതി. ഷോളി ഫിലിപ്പ്, ശ്രീ. അനിൽജിത്ത് എന്നിവർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

സെക്ഷൻ ക്ലാർക്ക് ശ്രീ. അനിൽജിത്ത് സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ചിറക്കടവ് ഗ്രാമപഞ്ചായത്തിൽച്ചെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് വിശദമായ മറുപടി സമർപ്പിക്കുന്നതിന് സാവകാശമായ അവധി അനുവദിച്ച് ഉത്തരവുണ്ടാകണമെന്ന് ശ്രീ. അനിൽജിത്ത് ബോധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ആയത് ലഭിച്ച ശേഷം ഇതിന്മേലുള്ള അഭിപ്രായം അറിയിക്കുന്നതാണ് എന്നാണ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ വാടക സെക്ഷൻ കൈകാര്യം ചെയ്തിരുന്ന കാലയളവിൽ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുക പിരിച്ചെടുക്കുകയോ കുടിശിഖക്കാരിൽനിന്ന് വാടക ഈടാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെന്നാണ് ടിയാൻ 26.05.2015-ലെ എതിർവാദപത്രികയിൽ ബോധിപ്പിച്ചിട്ടുള്ളതെന്നും ഇത്രസമയത്തിനു ശേഷവും ടിയാൻ അധികമായി യാതൊന്നും ബോധിപ്പിക്കാത്ത സാഹചര്യത്തിൽ ടി എതിർവാദ പത്രിക അന്തിമമായി കരുതി നടപടികൾ തുടരാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

24.01.2009 മുതൽ 26.10.2009 കാലയളവിൽ വാടക പിരിക്കുന്നതിൽ വീഴ്ച വരുത്തി എന്ന സെക്ഷൻ ക്ലാർക്ക് ശ്രീമതി. ഷോളി ഫിലിപ്പിനെതിരായ ആരോപണം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ 2009-10 സാമ്പത്തിക വർഷം 2 മാസം മാത്രമാണ് ടിയാരി ലേലം സെക്ഷൻ കൈകാര്യം ചെയ്തിരുന്നതെന്നും ടി കാലയളവിൽ കുടിശ്ശിക വരുത്തിയ വാടകക്കാർക്ക് നോട്ടീസ് അയയ്ക്കുകയും തുക പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ടെന്നും വിജിലൻസ് റിപ്പോർട്ടിൽ ഷോളി ഫിലിപ്പ് 24.01.2004 മുതൽ 26.10.2009 വരെയും ശ്രീ. അനിൽജിത്ത് 23.07.10 മുതൽ 02.11.10 വരെയും ടി സെക്ഷന്റെ ചാർജ്ജ് വഹിച്ചിരുന്നതായിട്ടാണ് പ്രതിപാദിച്ചിട്ടുള്ളതെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് ടിയാളുകൾ ചാർജ്ജ് മെമ്മോ നൽകിയിരുന്നതെന്നും ഈ സാഹചര്യത്തിൽ ശ്രീ. അനിൽജിത്ത് പ്രസ്തുത സെക്ഷന്റെ ചാർജ്ജ് മൂന്ന് മാസവും ശ്രീമതി. ഷോളി ഫിലിപ്പ് 5 വർഷവും സെക്ഷന്റെ ചാർജ്ജ് വഹിച്ചിരുന്നതായി കാണാമെങ്കിലും ശ്രീ. അനിൽജിത്ത് 26.05.2015-ൽ നൽകിയ മറുപടിയിൽ ടിയാൻ വാടക സെക്ഷൻ 23.07.2010 - 21.05.2011 വരെ (9 മാസം) കൈകാര്യം ചെയ്തിരുന്നുവെന്നും ശ്രീമതി. ഷോളി ഫിലിപ്പ് നൽകിയ മറുപടിയിൽ 20.06.2007 മുതൽ 28.08.2009 വരെയും സെക്ഷൻ കൈകാര്യം ചെയ്തിരുന്നതായിട്ടാണ് അറിയിച്ചിരിക്കുന്നതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികയുടേയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി. ഷോളി ഫിലിപ്പാണ് പ്രസ്തുത സെക്ഷൻ കൂടുതൽ കാലം കൈകാര്യം ചെയ്തിരുന്നത് എങ്കിലും വിജിലൻസ് പരിശോധനാ റിപ്പോർട്ടിൽ 2009-10, 2010-11 കാലയളവിലെ വീഴ്ചയാണ് പ്രതിപാദിച്ചിരിക്കുന്നത് എന്നുള്ളതിനാൽ 2010-11 സാമ്പത്തിക വർഷം 9 മാസം പ്രസ്തുത സെക്ഷൻ കൈകാര്യം ചെയ്ത ശ്രീ. അനിൽജിത്തിനെതിരെയുള്ള അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് 6 മാസത്തേയ്ക്ക് തടഞ്ഞുകൊണ്ടും, ശ്രീമതി. ഷോളി ഫിലിപ്പിനെതിരെയുള്ള അച്ചടക്ക നടപടി "സെൻഷർ" നൽകിക്കൊണ്ടും അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.മോഹന്ദാസ്
അഡീഷണല് സെക്രട്ടറി

പകർപ്പ്

1. ശ്രീ. അനിൽജിത്ത്, മുൻ സെക്ഷൻ ക്ലാർക്ക്, ചിറക്കടവ് ഗ്രാമപഞ്ചായത്ത്
2. ശ്രീമതി. ഷോളി ഫിലിപ്പ്, മുൻ സെക്ഷൻ ക്ലാർക്ക്, ചിറക്കടവ് ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത്ഡയറക്ടർ,
തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വിജിലൻസ് (ഡി) വകുപ്പ് (09.02.2018-ലെ 37/ഡി4/2018/വിജി. നമ്പർ റിമാർക്സ് പ്രകാരം)
9. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/246/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ